(ബി) ഓരോ വർഷവും പ്രസ്തുത ഇനങ്ങളിൽ ചെലവാക്കിയ തുക എത്രയെന്നാം വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും ലഭ്യമായ തുക പദ്ധതി തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി 2011-12 വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ പ്ലാൻ, നോൺ പ്ലാൻ പദ്ധതിയിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയുടെയും വിവരം വർഷംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) വിവരം ശേഖരിച്ചുവരികയാണ്.

നൈപുണ്യ വികസന പദ്ധതി

249 (3404) ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. ഇഗ്നാസിയസ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഭാഷാന്യൂനപക്ഷങ്ങളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിയ പദ്ധതി.

3. നെട്ടർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കിവരുന്നു.

4. ഐൽട്ടോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു.

5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തിവരുന്നു.

6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് ഇന്നർ പരിശീലനം, ഹാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു.

7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവൺമെന്റ് ആയുർവേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി.

8. സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ. പരിശീലനം നൽകുന്നു.

9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകി.

10. ജില്ലകളിൽ ഡ്രൈവിംഗിനും വിവിധ തരം പരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നടത്തിവരുന്നു.

(ബി) പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിലൂടെ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു:

1. പട്ടികവർഗ്ഗക്കാരിലെ (പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ) തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ആധുനിക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക.

3. ഉന്നത വിദ്യാഭ്യാസത്തിലേക്കും സാങ്കേതിക വിദ്യാഭ്യാസത്തിലേയ്ക്കും പട്ടികവർഗ്ഗക്കാരെ കൊണ്ടുവരികയും അവരുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും ചെയ്യുന്നു.

4. സംരംഭക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരിൽനിന്നും കൂടുതൽ സംരംഭകരെ വളർത്തിക്കൊണ്ടു വരിക.

5. തൊഴിൽ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി മത്സരക്ഷമതയും/ സാഹചര്യവും സൃഷ്ടിക്കുക.

6. തൊഴിൽ പരിശീലനത്തിലൂടെയും തൊഴിൽ ലഭ്യതയിലൂടെയും സ്ത്രീകളുടെ ശാക്തീകരണം കൈവരിക്കുക.

(സി) ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കെമിക്കോൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി കോവളം. ഗവൺമെന്റ് പോളിടെക്നിക്കുകൾ, കിൻഫ്ര അപ്പാരൽ ട്രെയിനിംഗ് സെന്റർ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുമായാണ് നൈപുണ്യ വികസനത്തിനായി നിലവിൽ പ്രധാനമായും സഹകരിക്കുന്നത്.

(ഡി) നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എ പിരിവിൽ ചേർത്തിരിക്കുന്നു. ഇതിനുപുറമെ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണെന്നു കാണുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ജില്ലാതല/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കിവരുന്നു.

ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ

250 (3405) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly